**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3103

15.02.2013 ൽ
മറുപടിയ്ക്ക്

## അരിവില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് ;<br>ശ്രീ. എം.എ. വാഹീദ് ;<br>ശ്രീ. ലൂഡി ലൂയിസ് ;<br>ശ്രീ. പാലോട് രവി ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>ഉപഭോക്തൃ സംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) അരിവില നിയന്ത്രിക്കാൻ സപ്ലൈകോയുടെ നേതൃത്വത്തിൽ കൂടുതൽ അരിക്കടകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | എ) അരി അടക്കമുള്ള നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. അതിന്റെ ഭാഗമായി കൂടുതൽ ഉപഭോഗമുള്ള അരി ഇനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകൾ വഴിയും അരിക്കട പദ്ധതി പ്രകാരം വിൽപ്പന നടത്തുന്നുണ്ട്. |
| ബി) അരിക്കടകളിലൂടെ ഡിമാന്റ് കൂടിയ അരി ഇനങ്ങൾ നൽകുന്ന കാര്യം ആലോചിക്കുമോ ; | ബി) കൂടുതൽ ഡിമാന്റുള്ള അരിയിനങ്ങളാണ് നിലവിൽ അരിക്കട പദ്ധതി പ്രകാരം വിതരണം നടത്തി വരുന്നത്. മട്ട, ജയ, കുറുവ, പച്ചരി എന്നീ ഇനങ്ങൾ ഇവയിൽ ഉൾപ്പെടുന്നുണ്ട്. |
| സി) പ്രതിമാസം നിശ്ചിത അളവിലുള്ള അരി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുമോ ? | സി) പ്രതിമാസം നിശ്ചിത അളവിൽ അരി വിതരണം നടന്നു വരുന്നുണ്ട്. നിലവിൽ ഒരു മാസം 20 കിലോ അരിയാണ് ഒരു കാർഡിന് നൽകി വരുന്നത്. |

Beenan

സെക്ഷൻ ഓഫീസർ